ഇപ്പോൾ പെട്ടെന്ന് കഴിയുകയില്ല. ഘട്ടം ഘട്ടമായി മാത്രമേ ഇക്കാര്യം ചെയ്യുവാൻ കഴിയുകയുള്ളൂ. സംസ്ഥാന ആരോഗ്യ വകുപ്പ് ശക്തിപ്പെടുത്തുന്നതിന് ലോകബാങ്ക് പോലെയുള്ള ധനകാര്യ ഏജൻസികളിൽ നിന്നും വായ്പ ലഭ്യമാക്കാൻ ശ്രമിച്ചു വരുന്നു. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യങ്ങളും ആവശ്യമായ ഡോക്ടർമാർ അടക്കമുള്ള സ്റ്റാഫിനേയും നിയമിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ ആളുകൾ ആശ്രയിക്കുന്നത് സർക്കാർ ആശുപത്രികളെയും സർക്കാർ ആരോഗ്യ കേന്ദ്രങ്ങളെയുമാണ്. പക്ഷെ ഗവൺമെന്റിന് സാമ്പത്തിക പരിമിതികൾ ഉള്ളതു കൊണ്ടാണ് ഇതൊക്കെ പൂർണ്ണമായി ഏറ്റെടുത്ത് മുന്നോട്ട് പോകാൻ കഴിയാത്തത്. ലോകബാങ്ക് പോലെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായിട്ടുള്ള വായ്പ ലഭിക്കുന്ന മുറയ്ക്ക് തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ വളരെ സജീവമായി പരിഗണിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ വളരെ വലുതാണ്. ഗവൺമെന്റിന് പരിമിതികളുണ്ട്. ആവശ്യങ്ങൾ മുഴുവൻ നിറവേറ്റാൻ സാധിക്കില്ലെന്ന കാര്യം എനിക്ക് നല്ല ബോധ്യമുണ്ട്. പക്ഷേ ഞാൻ പറയുന്നത്, ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണയുടെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുത്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. അതുകൊണ്ടാണ് ലോകബാങ്ക് പോലെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടം വാങ്ങി ഗ്രാമീണ മേഖലയിലുള്ള ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനുള്ള നിർദ്ദേശവുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

IV. പ്രത്യേക പരാമർശം

കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാനവിഹിതം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട അത്യാവശ്യമായ കാര്യങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രിയെ അറിയിക്കണമെന്ന് പറഞ്ഞ് എല്ലാ സംസ്ഥാനങ്ങൾക്കും അറിയിപ്പ് നൽകി. മിക്കവാറും സംസ്ഥാനങ്ങളിലെ ധനകാര്യമന്ത്രിമാരും ചീഫ് സെക്രട്ടറിമാരും വരെ അവിടെ എത്തി തങ്ങളുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അറിയിച്ചു. അതേ സമയം കേരളത്തിൽ നിന്ന് ആ ആവശ്യത്തിന് ന്യായമായ നിലയിൽ ഒരു പ്രതികരണം ഉണ്ടായില്ല. കേരളകൗമുദി പത്രം അതു സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാരോട് ചോദിച്ചപ്പോൾ അങ്ങനെയൊരു കത്ത് ഞങ്ങൾക്ക് കിട്ടിയതായി ഓർക്കുന്നില്ല എന്ന മറുപടി ലഭിച്ചതായാണ് പത്രങ്ങളിലൂടെ കാണാൻ കഴിഞ്ഞത്. ഈ തരത്തിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഇത്തരം കാര്യങ്ങളിൽ ചുമതലാ ബോധത്തോടുകൂടി കാര്യങ്ങൾ ചെയ്യാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റിന് കഴിയില്ല എന്നുവരുന്നത് അങ്ങേയറ്റത്തെ പിടിപ്പില്ലായ്മയും

LIBRARY ARCHIVES Kerala Legislative Assembly

നിരുത്തരവാദപരവുമാണ്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പായി സംസ്ഥാനങ്ങൾക്ക് എന്തെല്ലാം ആവശ്യങ്ങളുണ്ടെന്ന് മനസ്സിലാക്കിയാണ് ഇപ്പോഴത്തെ യു.പി.എ. ഗവൺമെന്റ് നടപടികൾ സ്വീകരിക്കാൻ തുനിഞ്ഞത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനോട് സഹകരിച്ച് നമുക്ക് എന്തെല്ലാം ആവശ്യങ്ങളാണ് അടിയന്തിരമായി സാധിച്ചു കിട്ടേണ്ടത്, ആ കാര്യത്തെ സംബന്ധിച്ച് വ്യക്തമായ ഒരു നിർദ്ദേശം തയ്യാറാക്കി ധനകാര്യമന്ത്രി തന്നെ അവിടെപ്പോയി ഈ കാര്യങ്ങൾ അവതരിപ്പിക്കുകയും നമ്മുടെ ആവശ്യങ്ങൾ അറിയിച്ച് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി ശ്രമിക്കുകയും ചെയ്യേണ്ടതായിരുന്നു. എന്തുകൊണ്ടാണ് അങ്ങനെ ചെയ്യാതിരുന്നത്? ഒരു സംസ്ഥാനത്തിന് മാത്രം ഈ അറിയിപ്പ് ലഭിക്കാതിരിക്കുക എന്നുപറയുന്നത് ഒരു തരത്തിലും വിശ്വസിക്കാൻ കഴിയുന്നില്ല. കാട്ടിയ നിരുത്തരവാദിത്തം മറച്ചു വയ്ക്കാൻ വേണ്ടി ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ അയച്ച കത്ത് നശിപ്പിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട മന്ത്രിയെ അറിയിക്കാതിരിക്കുകയോ ചെയ്തിരിക്കുകയാണോ? എന്താണെന്ന് മനസ്സിലാകുന്നില്ല. ഇതുസംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായവും എന്താണ് സംഭവിച്ചത് എന്ന സത്യാവസ്ഥയും ഈ സഭയെ അറിയിക്കണമെന്ന് ഞാൻ അങ്ങയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഇതൊരു തെറ്റിദ്ധാരണയിൽ നിന്നുണ്ടായ പ്രശ്നമാണ്. പത്രത്തിൽ ഡിസംബർ 28-ന് കേന്ദ്ര ധനകാര്യമന്ത്രാലയത്തിലെ റവന്യൂസെക്രട്ടറി ശ്രീ. എം. കെ. ചന്ദ്രശേഖറാണ് സംസ്ഥാന സെക്രട്ടറിക്ക് കത്ത് എഴുതിയത് എന്നുള്ള വാർത്ത വന്നിട്ടുണ്ട്. ആ കത്ത് കിട്ടിയിട്ടുണ്ട്. ആ കത്ത് ഡിസംബർ 28-ാം തീയതിയല്ല, നവംബർ 25-ന് എഴുതിയ കത്താണ്. ശ്രീ. കെ. എം. ചന്ദ്രശേഖർ എഴുതിയ ആ കത്ത് ഇവിടെ ചീഫ് സെക്രട്ടറിക്ക് ഡിസംബർ 7-ന് കിട്ടി. അതിന് ചീഫ് സെക്രട്ടറി മറുപടി അയച്ചിട്ടുണ്ട്. 4-1-2005-ന് മറുപടി അയച്ചിട്ടുണ്ട്. കത്ത് അവിടെ കിട്ടി. ശ്രീ. ചന്ദ്രശേഖറുമായിട്ട് ബന്ധപ്പെട്ടു. എല്ലാ സംസ്ഥാനങ്ങൾക്കും കത്ത് അയച്ചിട്ട് നമ്മൾ അന്വേഷിക്കുന്ന അവസരത്തിൽ കേരളമടക്കം 5 സംസ്ഥാനങ്ങളിൽ നിന്നേ കത്തു കിട്ടിയിട്ടുള്ളൂ. പക്ഷെ ആ കത്ത് പുതിയ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളുമായിട്ട് ബന്ധപ്പെട്ട കത്താണ്. 'വാറ്റ്' നടപ്പാക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പുതിയ നികുതി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്താണ്. ആ കത്ത് ഇവിടെ കിട്ടുകയും അതിന് മറുപടി അയക്കുകയും ചെയ്തു. ബഡ്ജറ്റ് നിർദ്ദേശങ്ങളെ സംബന്ധിച്ചുള്ള കത്ത് എന്നു കണ്ടതുകൊണ്ട് ഇങ്ങനെ ഒരു കത്ത് അവിടുന്നു അയച്ചിട്ടുണ്ടോ എന്നു ചോദിച്ചു. അങ്ങനെ ഒരു കത്ത് കേരളത്തിനോ മറ്റേതെങ്കിലും സംസ്ഥാനത്തിനോ അയച്ചിട്ടില്ല. അയച്ച ഏക കത്ത് ഈ കത്തുമാത്രമാണ്. അത് ഇവിടെ കിട്ടുകയും സമയത്തുതന്നെ അതിനു മറുപടി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒരു പിടിപ്പുകേടും അതിൽ ഉണ്ടായിട്ടില്ല. ബഡ്ജറ്റിലേയ്ക്കുള്ള നിർദ്ദേശങ്ങൾ ചോദിച്ചുകൊണ്ട് സാധാരണ അവിടന്നു കത്തു വരാറില്ല. പക്ഷെ നമ്മൾ എല്ലാ വർഷവും അങ്ങോട്ട് നിർദ്ദേശങ്ങൾ കൊടുക്കാറുണ്ട്. ഈ വർഷവും നമ്മൾ കൊടുക്കുന്നുണ്ട്. ഇന്നത്തെ ക്യാബിനറ്റ് ചർച്ച ചെയ്യാൻ വേണ്ടി വച്ചിരിക്കുകയാണ്. അത് കൊടുക്കുന്നത് മൂന്നു ഐറ്റങ്ങളിലായിട്ടാണ്. ഒന്നു കേന്ദ്രത്തിന്റെ 'എക്സിം' പോളിസി സംബന്ധിച്ചുള്ളതിനകത്ത് വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായങ്ങളാണ്. രണ്ട് ഇവിടുത്തെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ആവശ്യങ്ങൾ അടങ്ങുന്ന

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾ. മൂന്ന് റെയിൽവേയുമായി ബന്ധപ്പെട്ട് നമ്മുടെ ആവശ്യങ്ങൾ. ഇതുമൂന്നുമാണ് എല്ലാ വർഷവും നമ്മൾ കൊടുക്കുന്നത്. അത് ഈ വർഷവും കൊടുക്കാൻ വേണ്ടി എല്ലാ തയ്യാറെടുപ്പും നടത്തി അത് ഇന്നത്തെ കാബിനെറ്റിൽ കൂടി വച്ചതിനുശേഷം നാളെ കൊടുക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എനിക്ക് പറയാനുള്ളത് അങ്ങേയ്ക്ക് എന്തെങ്കിലും നിർദ്ദേശം ഉണ്ടങ്കിൽ, ഈ സഭയിലെ ഏതെങ്കിലും മെമ്പർമാർക്ക് നിർദ്ദേശം ഉണ്ടെങ്കിൽ ഇന്ന് ഈ സഭ പിരിഞ്ഞു കഴിഞ്ഞ് ആ നിർദ്ദേശങ്ങൾ കൂടി തന്നാൽ അതുകൂടി ഇന്നത്തെ കാബിനറ്റിൽ ഉൾപ്പെടുത്തി തയ്യാറാക്കാനായിട്ട് ശ്രമിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല. വരുത്തുകയുമില്ല. ഈ കത്ത് ഇവിടെ കിട്ടുകയും മറുപടി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും വിവാദമായതുകൊണ്ട് സംസ്ഥാനത്തിന്റെ ഏതെങ്കിലും താൽപര്യം എവിടെയെങ്കിലും തടസ്സപ്പെടുമോ എന്നറിയാൻവേണ്ടി ഇങ്ങനെ ഒരു കത്ത് അയച്ചിട്ടുണ്ടോ, ഇവിടെ കിട്ടിയില്ലെങ്കിലും അയച്ചിട്ടുണ്ടോ എന്നു പോലും അന്വേഷിച്ചു. ബഡ്ജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് അവിടന്നു അയച്ചിട്ടില്ല എന്നാണ് മറുപടി. പക്ഷെ കത്തില്ലാതെ തന്നെ നമ്മൾ എല്ലാ വർഷവും അങ്ങോട്ട് നിർദ്ദേശങ്ങൾ കൊടുക്കും. അതു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനകത്ത് ഒരു വീഴ്ചയും വരുത്തുകയില്ല. ഏതെങ്കിലും നിർദ്ദേശം അങ്ങേയ്ക്ക് ഉണ്ടെങ്കിൽ അതുകൂടി ഞാൻ ഈ അവസരത്തിൽ ക്ഷണിക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യം സംസാരിച്ചപ്പോഴാണ് പ്രതിപക്ഷത്തിന് വല്ലതും ഉണ്ടെങ്കിൽ ഇപ്പോൾ അറിയിച്ചാൽ തരക്കേടില്ലെന്നു പറയുന്നത്. അപ്പോൾ അതുതന്നെയായിരിക്കില്ലേ കേന്ദ്രത്തിൽ നിന്നും ഇതുസംബന്ധിച്ച് എടുത്തിട്ടുള്ള അറിയിപ്പിനോടുള്ള സമീപനവും. പ്രതിപക്ഷത്തോട് ഈ വക കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും അഭിപ്രായം താൽപര്യപൂർവ്വം ആരായാതെ ഇപ്പോൾ ഞാനിത് പ്രശ്നമാക്കിയപ്പോൾ എന്നാൽ പ്രതിപക്ഷത്തിനും വല്ലതും ഉണ്ടെങ്കിൽ അറിയിച്ചേക്ക് എന്നു പറയുന്ന ഈ സമീപനം, എത്ര വിലയിടിഞ്ഞതും നാണം കെട്ടതുമാണെന്നു ഞാൻ പറയേണ്ട കാര്യമില്ല. കേന്ദ്രത്തിന് അയയ്ക്കേണ്ട ഉത്തരവാദിത്വത്തോടുകൂടിയിട്ടുള്ള ഒരു മറുപടിയാണെങ്കിൽ അതിന് ആവശ്യം വേണ്ടുന്ന സമയം പ്രതിപക്ഷത്തിന് നൽകിക്കൊണ്ട് അത് ആരായുകയാണെങ്കിൽ അത് സിൻസിയറായിട്ടുള്ള സമീപനമാണെന്നു മനസ്സിലാക്കാം. ഇപ്പോൾ ഞാൻ ചോദിച്ചിരിക്കുന്ന ഒരു പ്രധാനപ്പെട്ട ചോദ്യത്തിന് ഉത്തരം പറയുന്ന കൂട്ടത്തിൽ തങ്ങളുടെ സമീപനത്തെ ന്യായികരിക്കാൻ ശ്രമിച്ച കൂട്ടത്തിൽ വല്ലതും പ്രതിപക്ഷത്തിനുണ്ടോ എങ്കിൽ വൈകുന്നേരത്തിനു മുമ്പേ കൊണ്ടുപോയി കൊടുത്തേക്കണം എന്നാണ് പറയുന്നത്. ഞാൻ പറഞ്ഞു വരുന്നത് പത്രത്തിൽ ഇത്തരത്തിൽ നിരുത്തരവാദപരമായിട്ടുള്ള നിലയിൽ ഒരു വാർത്ത നൽകുന്നതാണെന്നു ഞാൻ കരുതുന്നില്ല. വാറ്റിനെ സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ നേതാക്കൾ കേന്ദ്ര ധനകാര്യമന്ത്രി ചിദംബരവുമായിട്ട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് മറ്റെല്ലാ സംസ്ഥാനങ്ങൾക്കും അയച്ചു കൊടുത്തിട്ടുള്ളതുപോലെ തന്നെ കേരള സംസ്ഥാനത്തിനും അയച്ചിട്ടുണ്ടെന്നാണ്. വാറ്റിനെ സംബന്ധിച്ച കത്തുവന്നു, അതിന് മറുപടി അയച്ചു. വാറ്റിനെപ്പറ്റിയും മറ്റ് കാര്യങ്ങളെ സംബന്ധിച്ചും കത്തു വന്നാൽ ബന്ധപ്പെട്ട മന്ത്രിമാരെ

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചിട്ടാണോ മറുപടി അയയ്ക്കുന്നത്? ഈ വാറ്റിനെ സംബന്ധിച്ച് ധനകാര്യ മന്ത്രി അറിഞ്ഞില്ലെന്നാണല്ലോ പറഞ്ഞത്. ചീഫ് സെക്രട്ടറിയും മുഖ്യമന്ത്രിയും തമ്മിലുള്ള ഇടപാടാണോ? ധനകാര്യ മന്ത്രിയോ മറ്റ് മന്ത്രിമാരോ അറിയാതെ ചീഫ് സെക്രട്ടറിയും മുഖ്യമന്ത്രിയും കൂടി ആലോചിച്ച് മറുപടി അയയ്ക്കുന്ന സമ്പ്രദായ മാണോ നിലനിൽക്കുന്നത്? ഇതെല്ലാം കേൾക്കുമ്പോൾ അങ്ങനെ തോന്നുന്നു. ധനകാര്യമന്ത്രിയും പത്രക്കാരോട് സംസാരിച്ചിട്ടുണ്ടോ ഇല്ലയോയെന്ന് പത്രത്തിൽ കാണു ന്നുണ്ട്. ഇത്തരത്തിൽ ക്രമംവിട്ട സമീപനം ഇവിടന്നു സ്വീകരിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതേസമയം ഞങ്ങൾ നിരുത്തരവാദപരമായിട്ടുള്ള നിലയിൽ ചോദ്യ ങ്ങൾ ചോദിക്കുകയല്ല. പത്രത്തിൽ ആധികാരികമായി വന്ന കാര്യത്തിനു പുറമെ കേന്ദ്ര ധനകാര്യ മന്ത്രിയുമായിട്ട് റഫർ ചെയ്തപ്പോൾ വസ്തുതകൾ ശ്രീ. ചിദംബരം തന്നെ അയച്ചിട്ടുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. ആ നിലയിൽ നിങ്ങൾക്കു കിട്ടിയിട്ടി ല്ലെന്നു ധനകാര്യമന്ത്രി പറയുക, കിട്ടിയിട്ടുണ്ടെന്നു മുഖ്യമന്ത്രി പറയുക. ഏതാണ് സത്യമെന്നു മനസ്സിലാകുന്നില്ല.

ശ്രീ. ഉമ്മൻചാണ്ടി: സർ, ഞാൻ പറയാം. പത്രത്തിൽ വാർത്ത വരുന്നത നുസരിച്ച് എനിക്ക് മറുപടി പറയുവാൻ പറ്റുമോ? ആധികാരികമായിട്ടേ പറയാൻ പറ്റുകയുള്ളൂ. ധനകാര്യമന്ത്രി ശ്രീ. ചിദംബരം പറഞ്ഞതും റവന്യൂ സെക്രട്ടറി ശ്രീ. ചന്ദ്രശേഖർ കത്തയച്ചുവെന്നാണ്. പക്ഷെ ചന്ദ്രശേഖർ അയച്ച കത്ത് ഇവിടെ കിട്ടി. മിസ്റ്റർ ചന്ദ്രശേഖറോട് വേറെ കത്ത് അയച്ചിട്ടുണ്ടോയെന്നു ഞങ്ങൾ ചോദിച്ചു. എക കത്ത് ഈ ചന്ദ്രശേഖർ അയച്ച കത്താണ്. ആ കത്തിന് മറുപടി അയച്ചു. ആ മറുപടി അവിടെ കിട്ടിയിട്ടുണ്ട്. അഞ്ചു സംസ്ഥാനങ്ങൾക്ക് അയച്ച കൂട്ടത്തിലുള്ള ഒരു സംസ്ഥാനമാണ് കേരളം. അത് അദ്ദേഹത്തിനോട് ചോദിച്ച് കൺഫേം ചെയ്തതിനു ശേഷമാണ് മറുപടി അയച്ചത്. 'വാറ്റി'നെ സംബന്ധിച്ച് ചീഫ് സെക്രട്ടറി അയച്ച മറുപടി ധനകാര്യ വകുപ്പുമന്ത്രിയേയോ മുഖ്യമന്ത്രിയേയോ കാണിച്ചിട്ടല്ല. വാറ്റിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് എടുക്കേണ്ട തീരുമാനം നേരത്തെ തന്നെ എടുത്തിട്ടുണ്ട്. സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗം വിളിച്ചപ്പോൾ ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനത്തിന്റെ സ്റ്റാന്റ് അവിടെ വ്യക്തമാക്കിയിട്ടുണ്ട്. ആ നിലപാട് വച്ചുകൊണ്ടുതന്നെയാണ് അയച്ചിരിക്കുന്നത്. അവിടെ സംസ്ഥാന ഗവൺമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി വാറ്റ് വരുമ്പോൾ നമുക്കുള്ള നിർദ്ദേശങ്ങൾ നമ്മുടെ നഷ്ടം നികത്തുന്നത് എങ്ങനെ, അവിടെ ലീക്കേജ് വരാതിരിക്കാൻ വേണ്ടി സ്വീകരി ക്കേണ്ട നടപടികൾ എന്തെല്ലാം, കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് ചെയ്തു തരേണ്ട സഹായങ്ങൾ ഏതെല്ലാം എന്നതിനെ സംബന്ധിച്ചിടത്തോളം യോഗം വിളിച്ചു കൂട്ടിയപ്പോൾ അവിടെ വച്ച് സംസ്ഥാനം ഒരു സ്റ്റാന്റ് എടുത്തിട്ടുണ്ട്. ആ സ്റ്റാന്റ് ആവർത്തിച്ചുകൊണ്ടുള്ള ഒരു കത്താണ് ചീഫ് സെക്രട്ടറി അയച്ചിരുന്നത്. അത് ധനകാര്യ മന്ത്രിയേയോ മുഖ്യമന്ത്രിയേയോ കാണിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. അതനുസരിച്ച് പറഞ്ഞിട്ടുണ്ട്. ഈ കത്തിന്റെ കോപ്പി വേണമെങ്കിൽ അങ്ങയെ കാണിക്കാം. ഇനി ഇതല്ലാതെ ഒരു കത്ത് അയച്ചിട്ടുണ്ടോ എന്നുള്ളത് ഇത്രയും വലിയ വിവാദം വന്നപ്പോൾ ഞങ്ങൾ വീണ്ടും അന്വേഷിച്ചു. വേറെ ഒരു കത്തും അയച്ചിട്ടില്ല എന്നു ഉറപ്പുകൂടി പറഞ്ഞതിനുശേഷമാണ് ഈ മറുപടി പറയുന്നത്. പിന്നെ നിർദ്ദേശം വല്ലതും ഉണ്ടോ എന്ന് അങ്ങയോട് ചോദിച്ചത് തെറ്റായിപ്പോയെങ്കിൽ എന്നോട് ക്ഷമിക്കണം. കാരണം അങ്ങനെ പ്രതിപക്ഷത്തോട് ചോദിക്കാറില്ല. സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലുള്ള കാര്യങ്ങൾ കേന്ദ്രത്തിനു കൊടുക്കുകയും നമ്മുടെ എം.പി.-മാരോട് ഫോളോ അപ് ചെയ്യാൻ പറയുകയുമാണ് ചെയ്യാറുള്ളത്. പക്ഷേ ഞാൻ ഇപ്പോൾ ഈ ഒരു പ്രശ്നം ഇവിടെ വന്ന സമയത്ത് ഇന്നാണ് നമ്മൾ അതിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്. എല്ലാ കൊല്ലവും സ്വീകരിക്കുന്ന പൊതുവായ ഒരു മാനദണ്ഡമുണ്ട്. അത് മൂന്നായിട്ടാണ് കൊടുക്കുന്നത്. എക്സിം പോളിസിയെ സംബന്ധിച്ചുള്ള നമ്മുടെ ആവശ്യങ്ങൾ, റെയിൽവേയിൽ നമുക്കുള്ള ആവശ്യങ്ങൾ അത് തയ്യാറാക്കി ഇന്ന് ക്യാബിനറ്റിൽ ചർച്ച ചെയ്യും. ആ സമയത്ത് അങ്ങേയ്ക്ക് എന്തെങ്കിലും നിർദ്ദേശം ഉണ്ടെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും മെമ്പർമാർക്ക് എന്തെങ്കിലും നിർദ്ദേശം ഉണ്ടെങ്കിൽ അത് കേൾക്കാൻ തയ്യാറാണ്. സംസ്ഥാനത്തിന് പ്രയോജനം ചെയ്യുമെങ്കിൽ അത് ഉൾപ്പെടുത്തുമെന്നു പറയാൻവേണ്ടി പറഞ്ഞതാണ്. അതിനകത്ത് എന്തെങ്കിലും അപാകത വന്നിട്ടുണ്ടെങ്കിൽ അങ്ങ് ക്ഷമിക്കുക.

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. എം. എം. ഹസ്സൻ]

V. സബ്മിഷൻ

(1) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽ കാട്ടാന ശല്യം

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ദേലംപാടി പഞ്ചായത്ത് അറുപത് ശതമാനത്തോളം നിബിഢ വനങ്ങളുള്ള പഞ്ചായത്താണ്. ഇരുപതിനായിരത്തോളം ജനങ്ങൾ താമസിക്കുന്ന അതിവിസ്തൃത മായ പഞ്ചായത്തുമാണ്. കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട മണ്ടക്കോൽ, പാണ്ടി ബീറ്റുകളിൽപ്പെട്ട ചാമക്കൊച്ചി, ചാപ്പക്കല്ല്, വെള്ളച്ചേരി, കയ്യേന്നി, മണ്ടേൽപ്പെട്ടി എന്നീ സ്ഥലങ്ങളിൽ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ വലിയ തോതിൽ കാട്ടാനകളുടെ ഉപദ്രവമുണ്ടായി. നൂറുകണക്കിന് തെങ്ങും കവുങ്ങും റബ്ബറും വാഴയും നെൽകൃഷി യുമെല്ലാം നശിപ്പിക്കപ്പെട്ടു. ഭീകരമായ ആക്രമണമാണ് കാട്ടാനകൂട്ടം നടത്തിയത്. ഇതിനുമുമ്പും ആനകളുടെ ഉപദ്രവമുണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ പരാതി പ്പെടുകയും ആനയുണ്ടാക്കിയ നാശനഷ്ടങ്ങൾക്ക് അത്യാവശ്യം നഷ്ടപരിഹാരം ലഭിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടായിരുന്നു. അപ്പോഴൊക്കെ ആന ഒറ്റയാനായി വന്നുവെങ്കിൽ ഇപ്പോൾ അഞ്ച് ആനകളാണ് കൂട്ടമായിവന്ന് ഈ ആക്രമണത്തിന് തുനിഞ്ഞത്. അതിൽ രണ്ടെണ്ണം ചെറിയ കുട്ടികളാണ്. ഒന്നു രണ്ടാഴ്ച ഈ പ്രദേശങ്ങളിലാകെ കറങ്ങി നടന്ന് വല്ലാത്ത ഭീതി ഉണ്ടാക്കുന്ന ഒരു അവസ്ഥയാണ് കാട്ടാനകൂട്ടം ഉണ്ടാക്കിയിട്ടുള്ളത്. കർണ്ണാടകയോട് ചേർന്ന് കിടക്കുന്ന അതിവിസ്തൃത മായ വനമേഖലകളിൽ നിന്നാണ് ഇവ വന്നുകൊണ്ടിരിക്കുന്നത്. ആനക്കൂട്ടത്തിന്റെ ആക്രമണം ആ പ്രദേശത്ത് വലിയ പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. അവിടെ ഇത് സ്ഥിരമായി തടയാനുള്ള എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയില്ലെങ്കിൽ ആളുകൾക്ക് വലിയ ബുദ്ധിമുട്ടാണ്. ഒരു മാസത്തോളം സ്കൂളുകൾ പൂട്ടി കിടന്നു. വനാന്തർഭാഗത്ത് റോഡ് ഇല്ല. അതിലൂടെ വഴിയാത്രക്കാരും കുട്ടികളും സ്കൂളിലും മറ്റ് സ്ഥാപനങ്ങ ളിലും പോകാൻ മടിക്കുന്നു. അങ്ങനെ ഒരു മാസത്തോളം വല്ലാത്ത പ്രശ്നമാണ് അവിടെ ഉണ്ടായിട്ടുള്ളത്. അത്. യഥാവസരം മന്ത്രിയുടേയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എങ്കിലും അത് ശാശ്വതമായി തടയാനുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly